**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 453** **09-08-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന് 2023-24 വർഷത്തിൽ ഏതെല്ലാം രീതിയിലാണ് കടമെടുക്കാൻ സാധിക്കുന്നതെന്ന് വിശദമാക്കുമോ; 2023-24 വർഷത്തിൽ എടുക്കാവുന്ന കടത്തിന്റെ പരമാവധി പരിധി എത്ര കോടി രൂപയാണെന്നും ആയത് സംസ്ഥാന ജി.ഡി.പി.യുടെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഓരോ വർഷവും സംസ്ഥാനത്തിന് വായ്പ പരിധി നിശ്ചയിച്ച് നൽകുന്നത്. അതനുസരിച്ച് നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി മൊത്തം സംസ്ഥാന ആഭ്യന്തരോത്പാദനത്തിന്റെ 3 ശതമാനമാണ്. അതായത് സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തരോത്പാദനമായി കേന്ദ്ര സർക്കാർ എസ്റ്റിമേറ്റ് ചെയ്തിട്ടുള്ള 10,81,412 കോടി രൂപയുടെ 3 ശതമാനമായ 32,442 കോടി രൂപയാണ് സംസ്ഥാനത്തിന്റെ നടപ്പ് വർഷത്തെ തനി കടമെടുപ്പ് പരിധി. പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയുള്ള വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്രസർക്കാർ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ മാർഗ്ഗങ്ങളിലൂടെയാണ് സംസ്ഥാന സർക്കാർ ഇപ്പോൾ വായ്പകൾ (പൊതുകടം) എടുക്കുന്നത് |
| (ബി) | 2023-24 വർഷത്തിൽ റീപ്ലേസ്മെന്റ് ഗ്യാരണ്ടി, ഓപ്പൺ മാർക്കറ്റ് ബോറോയിംഗ് എന്നീ രീതിയിൽ എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് കടമെടുക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 20,522 കോടി രൂപ കടമെടുക്കാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷനായി 2023-24 സാമ്പത്തിക വർഷം അനുവദിച്ച 1755.50 കോടി രൂപയുൾപെടയാണ് മേൽ അനുമതി. റീപ്ലേസ്മെന്റ് ബോറോയിംഗിന് അനുമതി കിട്ടിയിട്ടില്ല.<br><br>ഇതിനുശേഷം സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന കണക്കുകൾ കൂടി പരിശോധിച്ചുകൊണ്ടായിരിക്കും സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിലെ അവസാന 3 മാസത്തേക്കുള്ള ഓപ്പൺ മാർക്കറ്റ് വായ്പ എടുക്കുന്നതിനുള്ള അനുമതി സംസ്ഥാനത്തിന് ലഭ്യമാകുന്നത്.<br><br>പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയും വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്രസർക്കാരിൽ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ മാർഗ്ഗങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പകൾ (പൊതുകടം) എടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി. |
| (സി) | പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷൻ എന്ന രീതിയിൽ 2023-24 വർഷത്തിൽ എത്ര കോടി രൂപയാണ് കടമെടുക്കാൻ സാധിക്കുന്നത്; പ്രസ്തുത ഇനത്തിൽ 2023-24 വർഷത്തിൽ കടമെടുത്തിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ കടം എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 20,522 കോടി രൂപ കടമെടുക്കാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷനായി 2023-24 സാമ്പത്തിക വർഷം അനുവദിച്ച 1755.50 കോടി രൂപയുൾപെടയാണ് മേൽ അനുമതി. റീപ്ലേസ്മെന്റ് ബോറോയിംഗിന് അനുമതി കിട്ടിയിട്ടില്ല.<br><br>ഇതിനുശേഷം സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന കണക്കുകൾ കൂടി പരിശോധിച്ചുകൊണ്ടായിരിക്കും സാമ്പത്തിക വർഷത്തിലെ അവസാന 3 മാസത്തേക്കുള്ള ഓപ്പൺ മാർക്കറ്റ് വായ്പ എടുക്കുന്നതിനുള്ള അനുമതി സംസ്ഥാനത്തിന് ലഭ്യമാകുന്നത്.<br><br>പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയും വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്രസർക്കാരിൽ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ മാർഗ്ഗങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പകൾ (പൊതുകടം) എടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഡി) | സംസ്ഥാന സർക്കാർ ഏതെല്ലാം രീതിയിലാണ് കടം എടുത്തിരിക്കുന്നതെന്നും ഇനി എത്ര കോടി രൂപയാണ് 2023-24 വർഷത്തിൽ കടമെടുക്കാൻ സാധിക്കുന്നതെന്നുമുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഡി) | 2023-24 സാമ്പത്തിക വർഷത്തിലെ ആദ്യ 9 മാസത്തേക്ക് ഓപ്പൺ മാർക്കറ്റ് ബോറോയിംഗായി 20,522 കോടി രൂപ കടമെടുക്കാൻ കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് അനുമതി നൽകിയിട്ടുണ്ട്. പങ്കാളിത്ത പെൻഷൻ നടപ്പിലാക്കിയതിന്റെ ഭാഗമായുണ്ടായ അധിക ബാധ്യതാ കോമ്പൻസേഷനായി 2023-24 സാമ്പത്തിക വർഷം അനുവദിച്ച 1755.50 കോടി രൂപയുൾപ്പെടയാണ് മേൽ അനുമതി. റീപ്ലേസ്മെന്റ് ബോറോയിംഗിന് അനുമതി കിട്ടിയിട്ടില്ല.<br><br>ഇതിനുശേഷം സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിക്കുന്ന കണക്കുകൾ കൂടി പരിശോധിച്ചുകൊണ്ടായിരിക്കും സാമ്പത്തിക വർഷത്തിലെ അവസാന 3 മാസത്തേക്കുള്ള ഓപ്പൺ മാർക്കറ്റ് വായ്പ എടുക്കുന്നതിനുള്ള അനുമതി സംസ്ഥാനത്തിന് ലഭ്യമാകുന്നത്.<br><br>പൊതുവിപണിയിൽ നിന്നുള്ള വായ്പകൾ കേന്ദ്രസഹകരണ വികസന കോർപ്പറേഷൻ, നബാർഡ്, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിലേക്കുള്ള പ്രത്യേക സെക്യൂരിറ്റികൾ എന്നിവ വഴിയും വിദേശ സഹായ പദ്ധതികൾ ഉൾപ്പെടെ കേന്ദ്രസർക്കാരിൽ മുഖേന ലഭ്യമാകുന്ന വായ്പകൾ എന്നീ മാർഗ്ഗങ്ങളിലാണ് സംസ്ഥാന സർക്കാർ വായ്പകൾ (പൊതുകടം) എടുക്കുന്നത്. അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ താല്ക്കാലിക കണക്കുകൾ പ്രകാരം 2023 ജൂൺ മാസം 30 വരെ 4153.18 കോടി രൂപയുടെ വായ്പ (പൊതുകടം തനി) എടുക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ